പ്രാക്കുളത്ത് ഫിഷറീസ് ഡിസ്പെൻസറി

39 [72] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്കുളത്ത് ഒരു ഫിഷറീസ് ഡിസ്പെൻസറി സ്ഥാപിക്കണമെന്ന് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിൻമേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പടപ്പക്കരയിലുള്ള പാർട്ടൈം ഹോമിയോ ഡിസ്പെൻസറി ഫുൾടൈം ആക്കണമെന്ന നിവേദനം

40 [74] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പേരയം പഞ്ചായത്തിലെ പടപ്പക്കരയിലുള്ള പാർട്ടൈം ഹോമിയോ ഡിസ്പെൻസറി ഫുൾടൈമാക്കണമെന്ന നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇതിലേയ്ക്കായി ഹോമിയോ ഡയറക്ടർ സമർപ്പിച്ച ശുപാർശ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

കരകുളം പഞ്ചായത്തിലെ ഹോമിയോ ആശുപത്രി

41 [75] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിലെ കരകുളം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഹോമിയോ ആശുപത്രിയിൽ എത്ര കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഇപ്പോൾ എത്ര കിടക്കകൾ രോഗികളുടെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നു;

(സി) ഈ ഹോമിയോ ആശുപത്രിക്കുവേണ്ടി എത്ര സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്;

(ഡി) ഈ സ്ഥലത്ത് ഈ ആശുപത്രിക്കുവേണ്ടി ഒരു കെട്ടിടം പണിയുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 25 കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ആറ് കിടക്കകളാണ് രോഗികളുടെ ആവശ്യത്തിനായി ഇപ്പോൾ ഉപയോഗിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 25 സെന്റ് സ്ഥലം കരകുളം പഞ്ചായത്ത് വാങ്ങിയിട്ടുണ്ടെങ്കിലും ഡിപ്പാർട്ടുമെന്റിന് കൈമാറിയിട്ടില്ല.

(ഡി) ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുവാൻ പഞ്ചായത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് എന്നാണ് മോണിറ്ററിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

നെടുമങ്ങാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

42 [76] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ 100 കിടക്കകളുള്ള ഒരു വാർഡ് പണിയുന്നതിന് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പണിയുന്നതിനുള്ള നടപടികൾ എത്തുവരെയായി;

(സി) ഈ സാമ്പത്തികവർഷം തന്നെ ഈ വാർഡ് പണിതുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 100 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി, സി) സാമ്പത്തിക പരിമിതിമൂലം പുതിയ പണികളൊന്നും ഈ വർഷം തുടങ്ങേണ്ടതില്ല എന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പണി തുടങ്ങുന്നതാണ്.

കൂട്ടുമുഖം ഗവൺമെന്റ് ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് സർജന്റെ നിയമനം

43 [77] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കൂട്ടുമുഖം ഗവൺമെന്റ് ഡിസ്പെൻസറിയിൽ ഒരു അസിസ്റ്റന്റ് സർജനെ നിയമിക്കുന്നതിനും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കൂട്ടുമുഖം ഗവൺമെന്റ് ഡിസ്പെൻസറിയിൽ 6-7-85-ൽ ഒരു ഡോക്ടറെ നിയമിച്ചിരുന്നുവെങ്കിലും പ്രസ്തുത ഡോക്ടർ ഹാജരാകുന്നതിനുള്ള സമയം ദീർഘിപ്പിച്ചു കിട്ടുന്നതിനുവേണ്ടി അപേക്ഷിച്ചിരിക്കുകയാണ്. മറ്റൊരു ഡോക്ടറെ ഇപ്പോൾ തന്നെ നിയമിക്കുന്നതാണ്.

ആവശ്യമനുസരിച്ച് മരുന്നുകളും ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly